CHASS

# ഒരുമ

ചാസ് ബുള്ളറ്റിൻ

ലക്കം : 53

വാല്യം : 23

ജനുവരി 2020





**പരിസ്ഥിതി സംരക്ഷണ മാർഗരേഖ പ്രകാശനം ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിക്കുന്നു (2019 ഒക്ടോബർ 25, കുന്നന്താനം)**



**ഊർജ്ജകിരൺ അവാർഡ് സംസ്ഥാന വൈദ്യുതവകുപ്പ് മന്ത്രി ബഹു. എം.എം. മണിയിൽ നിന്നും ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഏറ്റുവാങ്ങുന്നു (2019 ഡിസംബർ 27, EMC TVM)**



**ദേശീയ ഊർജ്ജസംരക്ഷണദിനാചരണവും ഒപ്പുശേഖരണവും നഗരസഭാ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു (2019 ഡിസംബർ 13, പെരുന്ന ബസ് സ്റ്റാൻഡ്)**




**കുട്ടനാട് സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പദ്ധതി ഉദ്ഘാടനം ശ്രീ. സി.എഫ്. തോമസ് എംഎൽഎ നിർവഹിക്കുന്നു (2019 ഡിസംബർ 13, ചാസ് ഓഡിറ്റോറിയം)**

# ചാസ് ആശാകിരണം എക്സ്പോ പുളിങ്കുന്ന് 2019

**ഡിസംബർ 12 – 14**



എക്സ്പോ 2019 ഉദ്ഘാടനം വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ
(വികാരി ജനറാൾ & ചാസ് പ്രസിഡന്റ്) നിർവ്വഹിക്കുന്നു













# CHASS-HDFC/HTPF ഭവനനിർമ്മാണപദ്ധതി 50 ഭവനങ്ങളുടെ താക്കോൽദാനം 2019






**HDFC Ltd./HTPF ചെയർമാൻ ശ്രീ. ദീപക് എസ്. പാരേക്**
**ഭവനങ്ങളുടെ സമർപ്പണം നിർവഹിക്കുന്നു (19.12.2019, എറണാകുളം)**



**കർഷക നേതൃസംഗമം – 50 വീടുകളുടെ താക്കോൽദാനം**
**പൊതുസമ്മേളനം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം ചെയ്യുന്നു (23.12.2019, പൊങ്ങ)**



**50 വീടുകളുടെ താക്കോൽ ദാനം അഭിവന്ദ്യ പിതാവും വിശിഷ്ടാതിഥികളും ചേർന്ന് നിർവഹിക്കുന്നു**
**(23.12.2019, പൊങ്ങ)**









**നിർമ്മിച്ചു നൽകിയ വീടുകൾ**

St. Joseph Orphanage Press, Chry Tel: 0481 2410101

# ഒരുമ

ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം

ലക്കം 53 | വാല്യം 23

ജനുവരി 2020

പേജ് : 40




## ഉള്ളടക്കം


| | |
|---|---|
| 02 | മുഖമൊഴി |
| 04 | ആഗോളതാപവും കാലാവസ്ഥവ്യതിയാനവും |
| 08 | കുട്ടനാട് പുനർനിർമ്മാണപദ്ധതി |
| 10 | കേന്ദ്രവാർത്തകൾ |
| 18 | ആശാകിരണം |
| 20 | ഹരിതഭൂമി 2019-22 |
| 25 | തണൽ |
| 29 | മൈക്രോഫിനാൻസ് |
| 32 | മേഖലാവാർത്തകൾ |
| 36 | പരിശീലനപരിപാടി |
| 38 | അറിയിപ്പുകൾ |



## editorial board

**രക്ഷാധികാരി**

മാർ ജോസഫ് പെരുന്തോട്ടം

**മാനേജിംഗ് എഡിറ്റേഴ്സ്**

ഫാ. ജോസഫ് കളരിക്കൽ

ഫാ. ജോർജ് മാന്തുരുത്തിൽ

ഫാ. തോമസ് കുളത്തുങ്കൽ

**ചീഫ് എഡിറ്റർ**

ശ്രീ. ജോസ് പുതുപ്പള്ളി

**എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്**

ശ്രീ. ബിനു ജോസഫ്

ശ്രീമതി ബിന്ദു സിബി



ലേ ഔട്ട് & പ്രിന്റിംഗ്

**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി

ഫോൺ: 0481-2410101






# മുഖമൊഴി

*പ്രിയ സുഹൃത്തുക്കളേ,*

**പുതുവത്സരാശംസകൾ !!!**

ആസ്ട്രേലിയയിലെ വൻകാട്ടുതീയുടെ ദൃശ്യങ്ങളുമായാണ് 2020 ന്റെ ആദ്യദിനങ്ങൾ നമ്മെ തേടിയെത്തിയത്. ലക്ഷക്കണക്കിന് ഹെക്ടർ വനപ്രദേശങ്ങളേയും ഗ്രാമങ്ങളേയും അഗ്നിവിഴുങ്ങി. വിവിധ ജനുസുകളിൽപെട്ട പക്ഷി മൃഗാദികളുടെ ആവാസ വ്യവസ്ഥ നശിച്ചു. ആ പ്രദേശങ്ങളിൽ മനുഷ്യന്റെ സാധാരണ ജീവിതം താറുമാറാവുകയും ജീവനോപാധികൾ എന്നന്നേയ്ക്കുമായി നഷ്ടപ്പെടുകയും ചെയ്തു. അവിടെ തീ പിടുത്തമെങ്കിൽ മറ്റു ചിലയിടങ്ങളിൽ വൻപ്രളയം; വേറെ ചില പ്രദേശങ്ങളിൽ വരൾച്ച. ഒരുവർഷം തന്നെ പ്രളയവും വരൾച്ചയും അനുഭവപ്പെടുന്നു. പെരുത്ത മഴക്കാലം പെയ്തൊഴിയുന്നതിനുമുൻപേ നമ്മുടെ കിണറുകളും നദികളും വറ്റിത്തുടങ്ങി. കാലാവസ്ഥയുടെ ഘടനയിലും സ്വഭാവത്തിലും ഗണ്യമായ വ്യത്യാസം സംഭവിച്ചുകഴിഞ്ഞു.

കാലാവസ്ഥാവ്യതിയാനം പതിറ്റാണ്ടുകൾക്ക് മുൻപേ നമുക്ക് ഒരു പ്രഹേളികയായിരുന്നുവെങ്കിൽ, ഇന്ന് അതിന്റെ എല്ലാവിധ ഭീകരസ്വഭാവങ്ങളോടുംകൂടി നമ്മുടെ ജീവിതത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു. മഴപെയ്യേണ്ട സമയത്ത് വരൾച്ച, തുടന്ന് പ്രളയം! കാലാവസ്ഥ പ്രവചനാതീതമായി തീർന്നു. ഋതുഭേദങ്ങളെ അടിസ്ഥാനമാക്കി കൃഷി നടക്കുന്ന കേരളംപോലുള്ള പ്രദേശങ്ങളിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രഹരം അതിഭയങ്കരമാണ്. കൃഷിയിൽ വിളവ് കുറയുന്നു രോഗങ്ങൾ വർദ്ധിക്കുന്നു.

പ്രകൃതിയുടെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പാരസ്പര്യം നഷ്ടപ്പെട്ടുപോയതാണല്ലോ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രധാനകാരണം. പ്രകൃതിയുടെമേലുള്ള അശാസ്ത്രീയവും അനിയന്ത്രിതവുമായ കടന്നുകയറ്റം പ്രഥമദൃഷ്ട്യാ വികസനപ്രക്രിയയുടെ ഭാഗമായി തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായത്. പ്രകൃതിവിഭവങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ നശിപ്പിക്കപ്പെട്ടു. മണ്ണും വെള്ളവും തമ്മിലുള്ള പൂരകത്വം പോലും നമ്മളറിയാതെപോയി. മലയും മണ്ണും നഷ്ടപ്പെട്ട ഭൂമിയിൽ പ്രളയവും വരൾച്ചയും ഒന്നുപോലെ ദൃശ്യമായിരിക്കുന്നു. പലജീവജാലങ്ങളുടെയും നിലനിൽപ്പ് അപകടകരമായ അവസ്ഥയിൽ തുടരുന്നു. ഇന്ന് സമസ്തമേഖലകളിലും ഇക്കാര്യം ചർച്ചചെയ്യപ്പെടുന്നുണ്ട്. പക്ഷേ പ്രകൃതിസംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ശാസ്ത്രീയ മാലിന്യസംസ്ക്കരണവും പ്ലാസ്റ്റിക് ഒഴിവാക്കലുമെല്ലാം ഓരോവ്യക്തിയുടെയും കടമയാണെന്ന തിരിച്ചറിവിലേയ്ക്ക് നമ്മൾ

എത്താത്തിടത്തോളം കാലം മാറ്റങ്ങൾ യാഥാർത്ഥ്യമാവില്ല. മണ്ണും ജലവും വൃക്ഷങ്ങളും പക്ഷിമൃഗാദികളും പരസ്പരപൂരകങ്ങളായി നിലനിൽക്കുമ്പോൾ മാത്രമേ മനുഷ്യന് ഭൂമിയിൽ നിലനിൽപ്പുള്ളൂ എന്നസത്യം നമ്മൾ മറന്നുപോകുന്നു. പ്രകൃതി സംരക്ഷിക്കപ്പെടു കയും പരിപാലിക്കപ്പെടുകയും വേണം.

ഇവിടെയാണ് ചാസിന്റെ നിലപാടുകളുടെ പ്രസക്തി. ഭക്ഷ്യസുരക്ഷ ജലസുരക്ഷ, ഭൂസുരക്ഷ, ആരോഗ്യസുരക്ഷ, സാമ്പത്തികസുരക്ഷ സാമൂഹ്യസുരക്ഷ തുടങ്ങിയ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. നമ്മുടെ അടിസ്ഥാന പ്രവർത്തനമണ്ഡലമായ സ്വാശ്രയസംഘങ്ങൾ മുതൽ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കപ്പെടണം. 2019–22 കാലഘട്ടത്തിലെ 'ഹരിതഭൂമി' പദ്ധതിയുടെ ഘടകങ്ങൾ കൂടുതൽ ആളുകളിൽ എത്തി ക്കാനാവണം. കർഷകസമിതി (ഫാർമേഴ്സ് ക്ലബ്) രൂപീകരണവും പരിശീലനവും ഈ വർഷത്തെ നമ്മുടെ മുൻഗണനാ പ്രവർത്തന മാണ്. അവയിൽനിന്ന് ഫാർമർ പ്രൊഡ്യൂസർ കമ്പനി (FPO) കൾ രൂപീകരിക്കാനാവണം.

2020 "International year of Plant Health" ആയി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിരിക്കുകയാണ്. 'സസ്യസംരക്ഷണം ജീവന്റെ സംരക്ഷണം' (Protecting Plants & Protecting Life) എന്നതാണ് ആപ്ത വാക്യം കഴിഞ്ഞവർഷം നമ്മൾ ആരംഭിച്ച "ഔഷധസസ്യവലയവും-ഗൃ ഹവൈദ്യവും" പദ്ധതി എത്രമാത്രം ആനുകാലിക പ്രസക്തിയുള്ള താണെന്ന് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം. നമ്മുടെ എല്ലാ യൂണിറ്റുകളിലും ഔഷധസസ്യസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളും മുതിർന്നവരും ഒരുപോലെ തങ്ങളുടെ ചുറ്റുവട്ടത്തുള്ള സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കാൻ തയ്യാറാവുകയും വേണം. പ്രകൃതി നമുക്കായി സജ്ജമാക്കിയിരിക്കുന്ന ആരോഗ്യസംര ക്ഷണ കവചമാണ് നമ്മുടെ ചുറ്റുമുള്ള വൃക്ഷലതാതികൾ! മാത്രമല്ല സസ്യവലയമാണ് മണ്ണിൽ ജലത്തെസൂക്ഷിക്കുന്നതും. ജനുവരി (ധനു -മകരം) മാസത്തിൽതന്നെ കിണറുകൾ വറ്റിതുടങ്ങി. ഇത് നമ്മൾ പ്രകൃതിയെ നിസ്സാരവത്ക്കരിച്ചതിന്റെ പരിണിത ഫലമല്ലാതെ മറ്റൊ ന്നല്ല!

ഈ പ്രവർത്തനവർഷത്തിൽ ഇനിയുള്ള മൂന്നുമാസക്കാലം അടു ത്തവർഷത്തെ പദ്ധതികൾ രൂപകൽപ്പന ചെയ്യാനുള്ള സന്ദർഭമാ ണല്ലോ 'ഹരിതഭൂമി' പദ്ധതിയുമായി രണ്ടാമത്തെ പ്രവർത്തനവർഷ ത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഓരോസംഘത്തിനും യൂണിറ്റിനും മേഖലയ്ക്കും വ്യക്തമായ പദ്ധതികളുണ്ടാകണം എങ്കിൽമാത്രമേ ദിശാബോധത്തോടെ മുമ്പോട്ടുപോകാൻ സാധിക്കുകയുള്ളൂ.

സഹകരണത്തിന് പ്രത്യേകം നന്ദിയർപ്പിക്കുന്നു.

*ആശംസകളോടെ.....*

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*

# ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും



**പ്രൊഫ. ജിമ്മി ആന്റണി**
*അസി. പ്രൊഫ. സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ*

ലോകമെമ്പാടും വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും. മനുഷ്യന്റെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തിയുടെ പരിണിതഫലമാണ് ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായിമാറിക്കൊണ്ടിരിക്കുന്ന ഈ പ്രതിഭാസം. സൂര്യനിൽ നിന്നും ഭൂമിയിൽ പതിക്കുന്ന ചൂട് തിരികെ പോവാതെ നിയന്ത്രിച്ച് നിർത്തി ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് ഹരിതഗൃഹവാതകങ്ങൾ (ഗ്രീൻ ഹൗസ് ഗ്യാസസ്) എന്നറിയപ്പെടുന്ന ചില വാതകങ്ങളാണ് കാർബൺഡൈഓക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ്, ഓസോൺ തുടങ്ങിയ ഈ ഹരിതഗൃഹവാതകങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽ ഒരു പുതപ്പുപോലെ നിലയുറപ്പിച്ചുകൊണ്ട് ഭൂമിയിൽ ചൂട് നിലനിർത്തി ജീവൻ സാധ്യമാക്കുന്നു എന്നാൽ ഈ വാതകങ്ങളുടെ സാന്ദ്രതകൂടുമ്പോൾ അവ ചേർന്നുണ്ടാക്കിയിരിക്കുന്ന പുതപ്പിനും കനം കൂടുന്നു. തത്ഫലമായി അത് നിയന്ത്രിച്ച് നിർത്തുന്ന താപത്തിന്റെ അളവും കൂടുന്നു. അങ്ങനെ ഭൂമിയിൽ ചൂടിന്റെ അളവ് വർദ്ധിക്കുകയും അതിലുപരി കാട്ടുതീ പടർന്ന് മനുഷ്യരുടെയും ജന്തുജീവജാലങ്ങളുടെയും ജീവിതം അസഹനീയമാവുകയും ചെയ്യുന്നു.

പെട്രോളിയം-കൽക്കരി ഉൽപ്പന്നങ്ങൾ കത്തിക്കുന്നതും കാടുകൾ വെട്ടിതെളിക്കുന്നതുമെല്ലാം അന്തരീക്ഷത്തിൽ കാർബൺഡൈഓക്സൈഡിന്റെ

അളവ് വർദ്ധിക്കാൻ ഇടയാക്കുന്നു. വ്യവസായങ്ങൾ ഓട്ടോമൊബൈൽ, ഊർജ്ജോത്പ്പാദനം, പ്ലാസ്റ്റിക്ക് കത്തിക്കൽ ഇവയെല്ലാം അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ സാന്ദ്രത കൂടുവാൻ കാരണമാകുന്നു. അന്തരീക്ഷത്തിലെ താപനിലവർദ്ധിക്കുമ്പോൾ സ്വഭാവികമായും കാലാവസ്ഥയിലും വ്യതിയാനം സംഭവിക്കുന്നു. കടൽനിരപ്പ് ഉയരുന്നതുമൂലം താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുക, മഴയുടെ അളവ് കുറയുക, കഠിനമായ വരൾച്ചയുണ്ടാവുക, കാലം തെറ്റി ശക്തമായ മഴയുണ്ടാവുക, സമുദ്രജലത്തിന്റെ അമ്ലതകൂടുക ഇതില്ലാം കാലാവസ്ഥാ വ്യതിയാനത്തിന് ഉദാഹരണങ്ങളാണ്.

കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള പ്രശ്നമാണ്. ഈ വർഷത്തെ ചൂട് അസഹനീയമാണെങ്കിൽ വരുംനാളുകളിൽ അത് ഇതിലും കഠിനമായിത്തീരും. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി താപനില ക്രമേണ ഉയർന്നുവരുന്നതായി കാലാവസ്ഥാ ശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നു. മനുഷ്യരിൽ ഒരു ചെറിയ ശതമാനത്തിന് ശീതീകരണി ഉപയോഗിച്ചോ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറി താമസിച്ചോ തൽക്കാലം രക്ഷപെടാം. എന്നാൽ അത് എല്ലാവർക്കും സാധ്യമല്ല. മൃഗങ്ങളുടെയും സസ്യങ്ങളുടെയും സ്ഥിതിയാണ് കൂടുതൽ ദയനീയം. അവയ്ക്ക് ജീവിതം അസഹ്യമായിതീർന്നിരിക്കുന്നു എന്നതിന് തെളിവാണ് ചിലയിനം മത്സ്യങ്ങളുടെ ലഭ്യത കുറയുന്നത്. അവ ഉഷ്ണം കുറഞ്ഞ പ്രദേശങ്ങളിലേയ്ക്ക് പാലായനം ചെയ്തിരിക്കുന്നു. അതുപോലെ പർവ്വതപ്രദേശങ്ങളിൽ വളരുന്ന ചില ചെടികൾ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് മാറി കിളിർക്കുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

## ഫ്ളാറ്റ് സംസ്ക്കാരം

കൂട്ടുകുടുംബ വ്യവസ്ഥ തകർന്നതോടെ ഓരോരുത്തരും ഓരോ വീട് എന്ന അവസ്ഥയിലേയ്ക്ക് മാറി. വീട് പാർപ്പിട ആവിശ്യത്തിനേക്കാളുപരി ആഡംബരത്തിനാണ് എന്ന സ്ഥിതിയിലായി. ഓരോ വർഷവും 25% വീടുകൾ വർദ്ധിക്കുന്നു എന്നാതാണ് കണക്ക് ഫലമോ കൃഷിയിടം കുറയുന്നു മരങ്ങൾ വെട്ടിമുറിക്കപ്പെടുന്നു മാലിന്യങ്ങൾ പെരുകുന്നു. രോഗങ്ങൾ വർദ്ധിക്കുന്നു. ചതുപ്പുനിലങ്ങൾ നികത്തി ഫ്ളാറ്റ് പണിയുമ്പോൾ ജലവിതാനത്തിനുണ്ടാകുന്ന മാറ്റമാണ് നഗരങ്ങളിൽ വൻ ഭീഷണി ഉണ്ടാക്കുന്ന വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും കാരണം.

## നഷ്ടപ്പെട്ടുപോയ വനവത്ക്കരണം

അനേകം നിബിഡവനങ്ങൾ ഇന്ന് മൊട്ടകുന്നുകളായി, നൂറുകണക്കിന് സസ്യങ്ങളും ജന്തുക്കളും വംശനാശഭീഷണി നേരിടുന്നു. കഴിഞ്ഞ 35 വർഷത്തിനുള്ളിൽ 38% വനങ്ങൾ നമുക്ക് നഷ്ടമായി. മണ്ണൊലിപ്പും ഉരുൾപൊട്ടലും സാധാരണയായി

പ്രകൃതിയുടെ സന്തുലിതാവസ്ഥയേയും സൗന്ദ്യര്യത്തേയും നിലനിർത്തുന്ന ആയിരക്കണക്കിന് വ്യത്യസ്ത ജൈവ ബന്ധങ്ങളാണ് നമുക്ക് ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

## ഭക്ഷണശൈലിയിൽ വരുത്തേണ്ട മാറ്റം

പണ്ടുകാലത്ത് നമുക്ക് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ നമ്മുടെ വീട്ടുവളപ്പിൽ ഉണ്ടാക്കിയിരുന്നകാലം ഇന്ന് ഓർമയായി. വർദ്ധിച്ചതോതിൽ ഉപയോഗിക്കപ്പെടുന്ന വളങ്ങളും കീടനാശിനികളും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ ഉപയോഗം മാനുഷികതയും ഭൂമിയുടെ ഉല്പ്പാദനക്ഷമതയും നശിപ്പിക്കുന്നു. ഈ അവസരത്തിൽ ജൈവകൃഷിയുടെയും അടുക്കളതോട്ടങ്ങളുടെയും പ്രാധാന്യം നാം വിസ്മരിക്കരുത്.

## ഗ്രീൻ ഹൗസ് ഇഫക്ട്

അന്തരീക്ഷത്തിന്റെ ഉപരിതലത്തിലെ ഓസോൺപടലം സൂര്യനിൽനിന്ന് വരുന്ന ദോഷകരമായ വിഗീരണങ്ങളെ ആഗീരണം ചെയ്ത് ജീവജാലങ്ങളെ സംരക്ഷിക്കുന്നു. ഓസോൺ പടലത്തിലുണ്ടായ വിള്ളലുകൾ ഭൂമിയുടെ സന്തുലിതാവസ്ഥ തന്നെ തകിടം മറിക്കാൻ തുടങ്ങിയിട്ടുണ്ട്. ആധുനീകരണത്തിന്റെ ഫലമായി പുറത്തുവിടുന്ന സൈലിൻ, എത്തനോൾ, നാഫ്ത്തലിൻ തുടങ്ങിയവ ഓസോൺ പ്രതലത്തെ നശിപ്പിച്ചിരിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓസോൺ പടലം മുറിഞ്ഞാൽ മാരകമായ സൂര്യരശ്മികൾ നേരിട്ട് ഭൂമിയിലെത്തുകയും മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും മാരകരോഗങ്ങൾ ഉണ്ടാവുകയും ചെയ്യും. അന്തരീഷത്തിൽ വരൾച്ചയ്ക്ക് ഇടയാക്കുന്ന ഈ പ്രക്രിയയെ ഗ്രീൻ ഹൗസ് ഇഫക്ട് എന്ന് പറയുന്നു.

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും, കൃഷിയെയും മത്സ്യബന്ധനത്തെയും ആശ്രയിക്കുന്ന ഇൻഡ്യയെയും നമ്മുടെ കേരളത്തേയും സാരമായി ബാധിക്കും എന്നാണ് പരിസ്ഥിതി പഠനകേന്ദ്രമായ സയൻസ് ആന്റ് എൺവയോൺമെന്റ് പറയുന്നത്. കഴിഞ്ഞ 30 വർഷത്തിനിടയിൽ ഇൻഡ്യയിൽ നടന്ന കർഷക ആത്മഹത്യകളുടെ എണ്ണം അറുപതിനായിരത്തിനടുത്താണ്. കാലാവസ്ഥാവ്യതിയാനംമൂലം കൃഷിനശിച്ച് നഷ്ടം സംഭവിച്ചതാണ് ഈ ആത്മഹത്യകളുടെ കാരണമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. താപനില ഉയരുന്നത് തുടർന്നാൽ ഗ്രീൻ ലാന്റ്, അന്റാർട്ടിക്ക എന്നീ പ്രദേശങ്ങളിലെ ഭീമൻ മഞ്ഞുപാളികൾ വ്യാപകമായി ഉരുകിയൊലിക്കുകയും അതുവഴി സമുദ്രനിരപ്പുയരുകയും ചെയ്യും. തീരദേശവാസികളും കുട്ടനാട് പോലെ താഴ്ന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവരും ഇതിന്റെ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്നതിൽ സംശയമില്ല. വ്യവസായ-നഗരവത്ക്കരണം, മോട്ടോർവാഹനങ്ങളുടെ അമിതമായ ഉപയോഗം

മലിനീകരണം തുടങ്ങിയവ വികസനസങ്കൽപ്പങ്ങളുടെ മുഖമുദ്രയായി മാറുമ്പോൾ താപനില ഇനിയും ഉയരാനാണ് സാധ്യത.

ആഗോളതാപനത്തിന്റെ രൂക്ഷമായ പ്രത്യാഘാതങ്ങളിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ ഇതിനെ നിയന്ത്രിക്കുവാൻ മനുഷ്യൻ തന്നെ ശ്രമിക്കേണ്ടിയിരിക്കുന്നു. ഹരിതഗൃഹവാതകങ്ങൾ പെരുകാതിരിക്കാനുള്ള ജീവതക്രമം ആഗോളതലത്തിൽതന്നെ ചിട്ടപ്പെടുത്തണം. പ്രകൃതിയുമായി രമ്യപ്പെടുന്ന ജീവിതശൈലി സ്വീകരിക്കുകയും ധാരാളം മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്യണം. ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്ന തരത്തിലുള്ള ഉപകരണങ്ങളുടെ ഉപയോഗം കുറയ്ക്കുക പ്ലാസ്റ്റിക്ക് ഉപയോഗം വേണ്ടന്നുവയ്ക്കുക തുടങ്ങിയവയും ആഗോളതാപനത്തെ നിയന്ത്രിക്കുവാനുള്ള ഉപാധികളാണ്.

ആഗോളതാപനത്തെ സാധാരണവർത്തമാനമായികണ്ട് അവഗണിക്കാതെ ഗൗരവത്തോടെ പരിഗണിച്ച് പ്രതിവിധികൾ കണ്ടെത്തിയില്ലെങ്കിൽ ഭൂമിയിൽ ജീവന്റെ നിലനിൽപ്പ് അസാധ്യമായിത്തീരും.



പൂന്തോപ്പ് അസ്സീസി വിദ്യാലയത്തിൽ കുട്ടികൾ കൃഷിചെയ്ത നിലക്കടലയുടെ വിളവെടുപ്പ്.

# കുട്ടനാട് പുനർനിർമ്മാണ പദ്ധതി

2019 ഒക്ടോബർ-ഡിസംബർ മാസങ്ങളിൽ കുട്ടനാട് പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.

**I. ചാസ് ഭവനനിർമ്മാണ പദ്ധതി**

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| വെളിയനാട് നോർത്ത് | 1 | 3 | 50,000 |
| മാമ്പുഴക്കരി | 2 | 1 | 175000 |
| മണലാടി | 2 | 2 | 150000 |
| നസ്രത്ത് | 2 | 1 | 150000 |
| പുല്ലങ്ങടി | 1 | 2 | 15000 |
| ആർപ്പൂക്കര | 1 | 2 | 15,000 |
| മാമ്പുഴക്കരി | 1 | 2 | 25,000 |
| കിഴക്കേമിത്രക്കരി | 1 | 2 | 50,000 |
| ഐക്കരച്ചിറ | 1 | 4 | 50,000 |
| മനക്കച്ചിറ | 1 | 2 | 50,000 |
| രാമങ്കരി | 1 | 3 | 40,000 |
| പച്ച-ചെക്കിടിക്കാട് | 2 | 2 | 1,25,000 |
| മുട്ടാർ ന്യൂ | 1 | 2 | 10,000 |
| കരുവാറ്റ | 1 | 1 | 15,000 |
| ചങ്ങംകരി | 1 | 1 | 50,000 |
| മിത്രക്കരി | 2 | 1 | 1,25,000 |
| എടത്വാ | 1 | 2 | 75,000 |
| കാവാലം ലിസ്യു | 1 | 1 | 1,00,000 |
| ആര്യാട് | 1 | 1 | 50,000 |
| ഈര | 1 | 1,2 | 2,00,000 |
| തോട്ടുവാത്തല | 1 | 1 | 1,00,000 |
| ചങ്ങംകരി | 1 | 1 | 75,000 |
| കൈനകരി | 1 | 2 | 50,000 |
| പാദുവാപുരം | 1 | 2 | 50,000 |
| **ആകെ** | | | **17,95,000** |

**II. അതിജീവൻ പുനരധിവാസ പദ്ധതി**

**SC-ST & Dalit Catholic വിഭാഗങ്ങൾക്കായുള്ള ജീവനോപാധികളുടെ വിതരണം**

കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളിൽ നടപ്പാക്കുന്ന അതിജീവൻ പുനരധിവാസ പദ്ധതിയിൽ നർബോന

പുരം, കൊണ്ടാക്കൽ, ചമ്പക്കുളം, നസ്രത്ത്, പുല്ലങ്ങടി, വടക്കേഅമിച്ചകരി, പൊങ്ങ, തോട്ടുവാത്തല, ചേന്നങ്കരി, പടഹാരം യൂണിറ്റുകളിലെ SC-ST & Dalit Catholic വിഭാഗങ്ങളിൽപെട്ട 96 കുടുംബങ്ങൾക്ക് ജീവനോപാധികൾ വിതരണം ചെയ്തു. ഒക്ടോബർ 7-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ചമ്പക്കുളം ബസലിക്കാ പാരീഷ്ഹാളിൽ കൂടിയ സമ്മേളനത്തിൽ, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം ശ്രീമതി ബിനു ഐസക് രാജു വിതരണോദ്ഘാടനം നിർവഹിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. അബ്രഹാം കാടാത്തുകളം അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി.

| *പദ്ധതി* | *എണ്ണം* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|---|
| തയ്യൽ മെഷീൻ | 14 | 14 | 1,60,000 |
| വാട്ടർ ജെറ്റ് | 2 | 2 | 30,000 |
| മീൻവല | 15 | 15 | 1,50,000 |
| ആട് | 50 | 25 | 2,67,500 |
| കോഴിയും കൂടും | 150 | 15 | 1,50,300 |
| താറാവ് | 240 | 16 | 80,000 |
| പെട്ടിക്കട | 8 | 8 | 1,20,000 |
| വെൽഡിംഗ് മെഷീൻ | 1 | 1 | 15,000 |
| **ആകെ** | | | **9,72,800** |

## ഗൃഹ ലക്ഷ്മി (Home Nurse)

രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുവാൻ താത്പര്യമുള്ള യുവതികളെ ആവശ്യമുണ്ട്.
**അലവൻസ് – 15,000 രൂപ**

## ഗൃഹശ്രീ

1. പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുവാൻ വനിതകളെ ആവശ്യമുണ്ട്. **അലവൻസ് 11,000 രൂപ**
2. വീടുകളിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 14,000 രൂപ**
3. വീടുകളിൽ താമസിച്ച് രോഗികളെ ശുശ്രൂഷിക്കുകയും അതോടൊപ്പം വീട്ടു ജോലികളിൽ സഹായിക്കുകയും ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 17,000 രൂപ**

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9495534212**

# കേന്ദ്രവാർത്തകൾ

**1. ചാസ്-റിഹാസ്വിസ് ലോൺമേള 2019**

ചാസിന്റെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ ഭിന്ന ശേഷിക്കാർക്ക് ജീവനോപാധികൾ കണ്ടെത്തുന്നതിനുള്ള വായ്പാമേള ഒക്ടോബർ 15 ന് സന്ദേശനിലയം ഹാളിൽ സംഘടിപ്പിച്ചു. ഇതോട നുബന്ധിച്ച് ചേർന്ന സമ്മേളനവും വായ്പാ വിതരണവും അതിരൂപ താ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തു ങ്കൽ, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, പ്രോജക്ട് കോ-ഓർഡിനേറ്റർ ഷീബാ സന്തോഷ് എന്നിവർ പ്രസംഗിച്ചു. ചാസിന്റെ 25 ഗ്രാമതലയൂണിറ്റുകളിൽ നിന്നുള്ള ഭിന്നശേഷിക്കാർക്ക് 5 ലക്ഷം രൂപയുടെ പദ്ധതി ആനുകൂല്യം വിതരണം ചെയ്തു. കുടുംബാംഗ ങ്ങളുടെ സഹകരണത്തോടെ വരുമാനപദ്ധതി ആരംഭിക്കുന്നതിനും






ഭിന്നശേഷിക്കാരുടെ വ്യക്തിത്വവികസനത്തിനും ഉതകുന്നതരത്തിലുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നുത്. സ്വിറ്റ്സർലണ്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന റിഹാസ്വിസ് എന്ന സംഘടനയാണ് പദ്ധതിക്ക് സാമ്പത്തിക പിന്തുണ ലഭ്യമാക്കിയത്.

**2. ചങ്ങനാശ്ശേരി അതിരൂപത-പരിസ്ഥിതി സംരക്ഷണ മാർഗ്ഗരേഖ പ്രകാശനം ചെയ്തു**

ചങ്ങനാശ്ശേരി അതിരൂപതയുടെ പരിസ്ഥിതിസംരക്ഷണ മാർഗ്ഗരേഖ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഒക്ടോബർ 25 ന് ആരംഭിച്ച അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ത്രിദിന സമ്മേളനത്തിൽ  ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡൊമിനിക്ക് ജോസഫ് വഴിപ്പറമ്പിലിന് കോപ്പി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. അതിരൂപതയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലും ഇടവകകളിലും കുടുംബങ്ങളിലും പുലർത്തേണ്ട അടിസ്ഥാന പരിസ്ഥിതി സംരക്ഷണ മാർഗ്ഗനിർദ്ദേശങ്ങളാണ് മാർഗ്ഗരേഖയുടെ ഉള്ളടക്കം. അതിരൂപതാതിർത്തിക്കുള്ളിൽ നിവസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ബോധവത്ക്കരണം നടത്തി ജലസംരക്ഷണം, മാലിന്യസംസ്ക്കരണം, മണ്ണ്സംരക്ഷണം, ജൈവകൃഷി, ഔഷധസസ്യങ്ങളുടെ വ്യാപനം, ഗൃഹവൈദ്യസംവിധാനങ്ങളുടെ പ്രോത്സാഹനം, ബദൽ ജീവിതശൈലി തുടങ്ങിയവ മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മാർഗ്ഗരേഖ വിശദീകരിച്ചു. പ്രസ്തുത സമ്മേളനത്തിൽ ഫാ. തോമസ് പാടിയത്ത് അദ്ധ്യക്ഷതവഹിച്ചു. ഫാ. ജോബി മണ്ണംപ്ലാക്കൽ മുഖ്യപ്രഭാഷണം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പാസ്റ്ററൽ കൗൺസിലർ ജോയിന്റ് സെക്രട്ടറി ഡോ. രേഖ മാത്യു എന്നിവർ സന്നിഹതരായിരുന്നു. മാർഗ്ഗരേഖ 2019-22 കാലഘട്ടത്തിൽ പ്രത്യേക പരിഗണന നൽകി പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നു. അതിരൂപതാ സാമൂഹികക്ഷേമ പ്രവർത്തന വിഭാഗമായ ചാസിന്റെ നേതൃത്വത്തിൽ യുവദീപ്തി, ഫാമിലി അപ്പസ്തോലേറ്റ്, കത്തോലിക്കാ കോൺഗ്രസ്, കോർപ്പറേറ്റ് മാനേജ്മെന്റ് തുടങ്ങിയ വിവിധ ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**3. തേനീച്ച വളർത്തൽ പരിശീലനം**

ചാസ് ഖാദി കമ്മീഷന്റെ സഹായത്തോടെ കൊല്ലം മേഖലയിലെ ആര്യങ്കാവ്, പുനലൂർ, നരിക്കൽ, ഫിൽഗിരി, മീൻകുളം യൂണിറ്റുകളിലെ തേനീച്ച കർഷകർക്ക് ഒക്ടോബർ 27 ന് തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു. ഫൊറോനാ വികാരി റവ. ഫാ. അനിൽ കരിപ്പിങ്ങാംപുറം ഫിൽഗിരി യൂണിറ്റിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മുള്ളൻപാറ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, മാനേജർ ശ്രീ. ജോൺ സക്കറിയാസ് എന്നിവർ പ്രസംഗി

ച്ചു. ഖാദി കമ്മീഷൻ bee keeping extension officer കെ. കണ്ണൻ ക്ലാസ് നയിച്ചു. 600 അംഗങ്ങൾ പങ്കെടുത്തു.




**4. FPO-ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണം**

NABARD-ന്റെ സാമ്പത്തിക സാങ്കേതിക പിന്തുണയോടെ ഫാർമർ പ്രൊഡ്യൂസർ ഓർഗ്ഗനൈസേഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട്, ചാസിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഫാർമേഴ്സ് ക്ലബുകളുടെ യോഗം ഒക്ടോബർ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. NABARD-കോട്ടയം ജില്ല DDM ശ്രീമതി കെ.ബി. ദിവ്യ പദ്ധതിവിശദീകരണം നടത്തി. പാലാ കേന്ദ്രീകരിച്ചുള്ള FPO PASS സെക്രട്ടറി ശ്രീ. ടോം ജേക്കബ് ആലയ്ക്കൽ, ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം തുടങ്ങിയവർ ക്ലാസ് നയിച്ചു. 12 ഫാർമേഴ്സ് ക്ലബുകളെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുത്തു.



### 5. CBR-റിവോൾവിംഗ് ഫണ്ട് വിതരണം

ചാസിന്റെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ അംഗങ്ങളായി സ്വയം തൊഴിൽ ചെയ്യുന്നവരുടെ പദ്ധതി വിപുലീകരണത്തിന് സാമ്പത്തികസഹായം വിതരണം ചെയ്തു. നവംബർ 2 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കലിന്റെ അദ്ധ്യക്ഷതയിൽ മാടപ്പള്ളി




ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാഖി കലേഷ് ഉദ്ഘാടനം നിർവഹിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പദ്ധതി വിശദീകരണം നടത്തി. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബാ സന്തോഷ് എന്നിവർ പ്രസംഗിച്ചു. 21 കുടുംബങ്ങൾക്ക് 2,10,000/- രൂപ വിതരണം ചെയ്തു.

### 6. PERK-Project സന്ദർശനം

എടത്വാ മേഖലയിൽ ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ നടപ്പിലാക്കിയ PERK-Project ലെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നവംബർ 19 ന് കാരിത്താസ് ഇറ്റലിയുടെ പ്രതിനിധി ശ്രീ. ബപ്പെ, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടികാട്ടിൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. പി.ജെ. വർക്കി, ചാസ് പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ് എന്നവർ പദ്ധതികൾ സന്ദർശിച്ച് ഗുണഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശം നൽകി.

### 7. ചാസിന് ഊർജ്ജ കിരൺ അവാർഡ്

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച

ചാസിന് ഊർജ്ജകിരൺ അവാർഡ് ലഭിച്ചു. കുടുംബങ്ങൾക്കും യുവജനങ്ങൾക്കും ഊർജ്ജ ഉപയോഗത്തിലും സംരക്ഷണത്തിലും പ്രായോഗിക അറിവുകൾ നൽകി കഴിഞ്ഞ മൂന്നുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ്. സംസ്ഥാന വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. എം.എം. മണിയിൽ നിന്നും ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അവാർഡ് ഏറ്റുവാങ്ങി.

**8. സ്റ്റാഫ് ട്രയിനിംഗ്**

ചാസ് സ്റ്റാഫ് അംഗങ്ങൾക്ക് ഡിസംബർ 5, 6 തീയതികളിൽ പരിശീലനം സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ കേരളാസ്റ്റേറ്റ് മാനേ



ജർ ശ്രീമതി ശോഭാ ജോസ് ട്രയിനിംഗ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ നേതൃത്വം നൽകി.

**9. കർഷക നേതൃസംഗമവും 50 വീടുകളുടെ താക്കോൽദാനവും**

കർഷക നേതൃസംഗമവും HDFC/HTPF ന്റെ സഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച 50 വീടുകളുടെ താക്കോൽദാനവും 2019 ഡിസംബർ 23 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് പൊങ്ങ പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. ഇന്ന് കാർഷിക മേഖല അഭിമുഖീകരിക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ജനകീയ കൂട്ടായ്മകളിലൂടെ അവയ്ക്കു പരിഹാരം കാണുന്നതിനും കർഷകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് കർഷകരുടെ നേതൃസംഗമം സംഘടിപ്പിച്ചത്. കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് ശ്രീ. പി.സി. സിറിയക്ക് IAS, ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. കുട്ടനാടിന്റെ സ്പന്ദനങ്ങൾ തിരിച്ചറിയുന്ന സെന്റർ ഫോർ ലോ സീലെവൽ ഫാമിങ്ങിന്റെ ഡയറക്ടർ ഡോ. കെ.ജി. പത്മകുമാർ കുട്ടനാടിന് അനുയോജ്യമായ പ്രായോഗിക ശാസ്ത്രീയ കാർഷിക ശൈലിയെക്കുറിച്ച് കർഷകരുമായി സംവാദം നടത്തി.



തുടർന്ന് സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിച്ചു. ചാസിന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തിയാക്കിയ 50 വീടുകളുടെ താക്കോൽ ദാനകർമ്മം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. നിർവ്വഹിച്ചു. മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന HDFC Ltd. ന്റെയും എച്ച്.റ്റി. പാരേക് ഫൗണ്ടേഷന്റെയും സാമ്പത്തിക സഹകരണത്തിലാണ് വീടുനിർമ്മാണം പൂർത്തിയാക്കിയത്. എറണാകുളം എച്ച്.ഡി.എഫ്.സി. ജനറൽ മാനേജർ ശ്രീ. വർഗീസ് ജോർജ്ജ് ആമുഖപ്രഭാഷണം നടത്തി. അതിരൂപതാ വികാരി ജനറാൾ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, എച്ച്.ഡി.എഫ്.സി. തിരുവനന്തപുരം ജനറൽ മാനേജർ ശ്രീ. സലിൽ, അസി. മാനേജർ ശ്രീ. സോമി ജോൺ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർമാരായ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

### 10. SAFP പദ്ധതി വിശകലനം

SAFP ഇൻഡ്യയുടെ RPO ശ്രീ. ആൾട്ടോ ആന്റണി അതിരമ്പുഴ, എടത്വാ മേഖലകളിലെ സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്തൃ കുടുംബങ്ങളെ ഡിസംബർ 10,11,12 തീയതികളിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. SAFP കോ ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA നേതൃത്വം നൽകി.

### 11. ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം-പ്രതിജ്ഞയും ഒപ്പ് ശേഖരണവും

ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഭാഗമായി ചാസിന്റെ നേതൃത്വത്തിൽ എനർജി മാനേജ്മെന്റ് സെന്റർ, സെന്റർ ഫോർ എൻവയൺമെന്റ് എന്നിവയുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി പെരുന്ന ബസ് സ്റ്റാൻഡിൽ ഡിസംബർ 13 ന് ഊർജ്ജ സംരക്ഷണ പ്രതിജ്ഞയും ഒപ്പ് ശേഖരണവും സംഘടിപ്പിച്ചു. നഗരസഭാ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കൗൺസിലർ ശ്രീ. അനിൽ കുമാർ, ഡോ. ജോസഫ് എബ്രഹാം എന്നിവർ പ്രസംഗിച്ചു. പാത്താമുട്ടം സെന്റ് ഗിറ്റ്സ്, കുട്ടിക്കാനം മരിയൻ കോളേജ് എന്നി

വിടങ്ങളിലെ വിദ്യാർത്ഥികളും ചാസ് സ്വാശ്രയസംഘാംഗങ്ങളും നേതൃത്വം നൽകി.

## 12. PDRA (Participatory Disaster Risk Assessment) ട്രയിനിംഗ്

കുട്ടനാട്ടിൽ നടപ്പാക്കുന്ന സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അസംപ്ഷൻ കോളേജിലെ MSW വിദ്യാർത്ഥിനികൾക്കായി ചാസ് കോൺഫറൻസ് ഹാളിൽ



ഡിസംബർ 13 ന് PDRA ട്രയിനിംഗ് സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ കേരളാസ്റ്റേറ്റ് മാനേജർ ശ്രീമതി ശോഭാ ജോസ് പരിശീലനം നൽകി. അസംപ്ഷൻ കോളേജ് MSW വിഭാഗം HOD സിസ്റ്റർ ശാലിനി CMC യുടെ നേതൃത്വത്തിൽ 30 വിദ്യാർത്ഥികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## 13. ചാസിന്റെ നേതൃത്വത്തിൽ കുട്ടനാട്ടിൽ സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിന് കുട്ടനാടൻ ജനതയെ പ്രാപ്തമാക്കാൻ കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച്



ചാസ് രൂപം നൽകിയ സാമൂഹ്യാധിഷ്ഠിത ദുരന്തസധ്യതാ നിവാരണ പ്രവർത്തനങ്ങൾ ശ്രീ. സി. എഫ്. തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായ പ്രകൃതിദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാൻ ജനങ്ങളുടെ അറിവും കഴിവും കൂട്ടിയിണക്കി ശാസ്ത്രീയമായി സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പ്രവർത്തനങ്ങൾ ലോകമെമ്പാടും നടപ്പിലാക്കിക്കൊണ്ടിരിമ്പോൾ കുട്ട

നാടൻ ജനത നിരന്തരം അനുഭവിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിന് കുട്ടനാടൻ ജനതയെ വേണ്ടവിധം സജ്ജരാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം എന്ന തിരിച്ചറിവാണ് പദ്ധതിക്കാധാരം. ഡിസംബർ 13-ാം തീയതി വെള്ളിയാഴ്ച ചാസിൽ വച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അധ്യക്ഷതവഹിച്ചു. ദുരന്താഘാതപഠനം, കർമ്മസേനയുടെ രൂപീകരണം, ദുരന്തനിവാരണ ലഘൂകരണ മാർഗ്ഗരേഖ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ, ദുരന്തനിവാരണ രേഖയെക്കുറിച്ചുള്ള പരിശീലനം, സ്കൂൾ കുട്ടികൾക്കുള്ള ദുരന്ത നിവാരണ പരിശീലനം തുടങ്ങിയവ പദ്ധതിയിൽപ്പെടുന്നു. കുട്ടനാട്ടിലെ തെരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്ത് വാർഡുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

**14. ലഹരി വിപത്തിനെതിരെ ബോധവത്ക്കരണം**

കേന്ദ്രഗവൺമെന്റിന്റെ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ (NISD) യും, നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷന്റെ (NAPDDR) യും സഹായത്തോടെ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (CHASS) യുടെ റീജിയണൽ റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്റർ ലഹരി വിപത്തിനെതിരെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്, ഫിലിം പ്രദർശനം എന്നിവ ക്രമീകരിച്ചു. ഫാ. തോമസ് കുളത്തുങ്കൽ, റ്റി.എം. മാത്യു തച്ചിലേട്ട്, സിസ്റ്റർ സെൽമ SRA, ലിറ്റിമോൻ എം.എസ്, സിസ്റ്റർ ജിഷ സിഎംസി എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

| *തീയതി* | *സ്ഥലം* | *പങ്കെടുത്തവർ* |
|---|---|---|
| നവം. 30 | മനയ്ക്കച്ചിറ (SHG) | 52 |
| ഡിസം. 10 | ഏറ്റുമാനൂർ (SHG) | 53 |
| ഡിസം. 12 | ഹോളിക്യൂൻസ് കമ്മ്യൂണിറ്റി സെന്റർ (സാരഥി ഓട്ടോ ഡൈവേഴ്സ) | 42 |
| ഡിസം. 17 | അസംപ്ഷൻ കോളേജ് | 26 |
| ഡിസം. 18 | മണിമല ഓൾഡ് (SHG) | 52 |
| ഡിസം. 19 | പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജ് | 202 |
| ഡിസം. 27 | കുളത്തൂർ (SHG) | 53 |
| ഡിസം. 28 | അറുന്നൂറ്റിൻപാടം (SHG) | 51 |
| ഡിസം. 29 | കൈനകരി (SHG) | 54 |
| ഡിസം. 30 | സെന്റ് മേരീസ് ഹൈസ്കൂൾ, കൈനകരി | 100 |
| ഡിസം. 31 | പുറക്കാട് (SHG) | 51 |

# ആശാകിരണം

## കാൻസർ സുരക്ഷാ ബോധവത്ക്കരണം

**കിടങ്ങറ** യൂണിറ്റിൽ ആശാകിരണം-കാൻസർ സുരക്ഷാബോധവത്ക്കരണ സെമിനാർ ഒക്ടോബർ 19 ന് സംഘടിപ്പിച്ചു. 92 അംഗങ്ങൾ പങ്കെടുത്തു.

പടഹാരം-ഡിസംബർ 11 ന് ആശാകിരണം കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, കാൻസർ ഉണ്ടാകാനുള്ള കാരണങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. 61 അംഗങ്ങൾ പങ്കെടുത്തു.

## പ്രഥമ ശുശ്രൂഷാ പരിശീലനം

അപകടത്തിൽപ്പെടുന്നവർക്ക് യഥാസമയം പ്രഥമ ശുശ്രൂഷ നൽകി ജീവൻ രക്ഷിക്കാൻ സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കുന്നതിന് ചങ്ങനാശ്ശേരി, കുറുമ്പനാടം, നെടുംകുന്നം, മണിമല മേഖലകളിലെ സന്നദ്ധപ്രവർത്തകർക്ക് നവംബർ 14 ന് പ്രഥമശുശ്രൂഷാ പരിശീലനം നൽകി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ബാബു സെബാസ്റ്റ്യൻ പരിശീലനത്തിന് നേതൃത്വം നൽകി. 64 അംഗങ്ങൾ പങ്കെടുത്തു.

ആലപ്പുഴ, ചമ്പക്കുളം എടത്വാ, പുളിംകുന്ന് മേഖലകളിലെ സന്നദ്ധപ്രവർത്തകർക്കുവേണ്ടി പൊങ്ങ യുണിറ്റിൽ വച്ച് നവംബർ 21 ന് പ്രഥമ ശുശ്രൂഷാ പരിശീലനം സംഘടിപ്പിച്ചു. ശ്രീ. ബാബു സെബാസ്റ്റ്യൻ പരിശീലനത്തിന് നേതൃത്വം നൽകി. 87 അംഗങ്ങൾ പങ്കെടുത്തു.

**എടത്വാ** യൂണിറ്റിന്റെ നേതൃത്വത്തിൽ നവംബർ 23 ന് സ്വാശ്രയസംഘാംഗങ്ങൾക്കായി പ്രഥമ ശുശ്രൂഷാ പരിശീലനം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ചൂരവടി അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. ബാബു സെബാസ്റ്റ്യൻ പരിശീലനത്തിന് നേതൃത്വം നൽകി. 160 അംഗങ്ങൾ പങ്കെടുത്തു.

## ആശാകിരണം റിസോഴ്സ് ടീം ട്രയിനിംഗ്



ആശാകിരണം പദ്ധതി കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കാരിത്താസ് ഇൻഡ്യ ആശാകിരണം കോ-ഓർഡിനേറ്റർ

റവ. സിസ്റ്റർ ക്രിസ്റ്റി എസ്.എച്ച്, ചാസ് കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് എന്നിവരുടെ നേതൃത്വത്തിൽ ഡിസംബർ 13 ന് ചാസ് ഓഡിറ്റോറിയത്തിൽ റിസോഴ്സ് ടീം അംഗങ്ങൾക്ക് പരിശീലനം സംഘടിപ്പിച്ചു

**സൗജന്യ നേത്രരോഗ ചികിത്സാ ക്യാമ്പ്**

**മനയ്ക്കച്ചിറ സെന്റ് ജോസഫ്** യൂണിറ്റിന്റെയും അഹല്യ ഐ ഹോസ്പിറ്റലിന്റെയും നേതൃത്വത്തിൽ നവംബർ 24 ന് നേത്രരോഗ ചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. 82 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ചാസ് ആശാകിരണം എക്സ്പോ – പുളിങ്കുന്ന് – 2019**

ചാസ് പുളിംകുന്ന് മേഖലയുടെ ആഭിമുഖ്യത്തിൽ 'ചാസ് ആശാകിരണം എക്സ്പോ പുളിംകുന്ന് -2019' പുളിംകുന്ന് സെന്റ് മേരീസ് ഫൊറോനാ പാരീഷ് ഹാളിൽ ഡിസംബർ 12,13,14 തീയതികളിൽ സംഘടിപ്പിച്ചു. പുളിംകുന്ന് ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ജെ. ഓടലാനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ ഉദ്ഘാടനം വികാരി ജനറാൾ & ചാസ് പ്രസിഡന്റ് വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. റവ. ഫാ. ഐസക് കൂലിപ്പറമ്പിൽ, ജനറൽ കൺവീനർ ശ്രീ. ബാബു വടക്കേകളം, ശ്രീ. മാത്തുക്കുട്ടി കഞ്ഞിക്കര എന്നിവർ പ്രസംഗിച്ചു. ആശാകിരണം പദ്ധതി അടിസ്ഥാനമാക്കി മേളയിൽ സെമിനാറുകളും, തൊഴിൽ പരിശീലനപരിപാടികളും, സൗജന്യ വൈദ്യപരിശോധനയും സംഘടിപ്പിച്ചു. കാൻസർ ബോധവത്ക്കരണ സെമിനാർ ഡോക്ടർ അഭിരാമി പ്രകാശ് നയിച്ചു. സ്വാശ്രയസംഘങ്ങളുടെ സാമ്പത്തിക ഭദ്രത, വളർത്തുകൂട്ടം പദ്ധതി എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി സൗത്ത് ഇൻഡ്യൻ ബാങ്ക് പുളിംകുന്ന് ശാഖാ മാനേജർ ശ്രീ. സോനു തോമസ്, വെറ്റിനറി സർജൻ ഡോ. പി. ജേക്കബ് തോമസ് എന്നിവർ ക്ലാസിന് നേതൃത്വം നൽകി. മേളയോടനുബന്ധിച്ച് സ്വാശ്രയസംഘാംഗങ്ങൾക്ക് ഫ്ളവർ മേക്കിംഗ്, പേപ്പർ കാരിബാഗ്, ഫ്ളോർമാറ്റ്, ടേബിൾമാറ്റ്, സോപ്പുപൊടി, എന്നിവ നിർമ്മിക്കുന്നതിന് പരിശീലനം നൽകി.

ഉറവിട മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, തെങ്ങിൻ തൈകൾ, പച്ചക്കറിതൈകൾ, ഫലവൃക്ഷതൈകൾ, വിത്തുകൾ, കോഴിക്കൂടുകൾ, സ്വാശ്രയസംഘങ്ങളുടെ വിവിധ ഉൽപ്പന്നങ്ങൾ, ജൂട്ട് ബാഗ്കൾ, ഖാദി ഉൽപ്പന്നങ്ങൾ, ഖാദി വസ്ത്രങ്ങൾ, വിവിധയിനം ഭക്ഷ്യഉൽപ്പന്നങ്ങളും, ജലശുദ്ധീകരണ മാർഗ്ഗങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും ക്രമീകരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സൗജന്യ വൈദ്യപരിശോധനയും ഇടിമണ്ണിക്കൽ ഒപ്റ്റിക്കൽസിന്റെ നേതൃത്വത്തിൽ നേത്രരോഗ പരിശോധനയും നടത്തി.

# ഹരിതഭൂമി 2019-22

## നാട്ടുപച്ച – കാർഷിക വിപണനമേള

**പാറേൽ** യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 5 മുതൽ 8 വരെ പാറേൽ പള്ളി മൈതാനത്ത് കാർഷിക വിപണനമേള സംഘടിപ്പിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് MP ഉദ്ഘാടനം നിർവഹിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിയ്ക്കൽ മുഖ്യ പ്രഭാഷണവും യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട്




അനുഗ്രഹപ്രഭാഷണവും നടത്തി. പച്ചക്കറിതൈകൾ, വിവിധയിനം ഫലവൃക്ഷതൈകൾ, കോഴിക്കുഞ്ഞുങ്ങൾ, കരിംകോഴി, ഹൈടെക് കോഴിക്കൂട്, മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും ഉണ്ടായിരുന്നു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ബാബു വള്ളപ്പുര, ശ്രീ. എം.ഡി. സേവ്യർ മുരിയൻകാവുങ്കൽ എന്നിവർ നേതൃത്വം നൽകി.

## കർഷകസംഘസംഗമം

**നർബോനപുരം** യൂണിറ്റിൽ ഒക്ടോബർ 5 ന് കർഷകസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി അദ്ധ്യക്ഷത വഹിച്ചു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം കർഷകസംഘങ്ങളുടെ പ്രവർത്തനരീതി, ഗവൺമെന്റ് പദ്ധതികൾ എന്നിവ വിശദീകരിച്ചു. 54 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**വളർത്തുകൂട്ടം**

വളർത്തുകൂട്ടം പദ്ധതിയുടെ ഭാഗമായി അതിരമ്പുഴ മേഖലയിലെ വെട്ടിമുകൾ, ഏറ്റുമാനൂർ, പുന്നത്തുറ, അതിരമ്പുഴ, അതിരമ്പുഴ ലിസ്യൂ എന്നീ യൂണിറ്റുകളിൽ ഒക്ടോബർ 8 ന് BV380 ഇനത്തിൽപ്പെട്ട 650 കോഴിക്കുഞ്ഞുങ്ങളും 150 നാടൻ കോഴിക്കുഞ്ഞുങ്ങളും, 30 ഹൈടെക് കോഴിക്കൂടും വിതരണം ചെയ്തു.

**ശീതകാലപച്ചക്കറിതൈ വിതരണം**

കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ ശീതകാല പച്ചക്കറി കളായ കാബേജ്, കോളിഫ്ളവർ, വഴുതന, വെണ്ട, ചീര, പച്ചമുളക്,




തക്കാളി, പാവൽ, പടവലം, പയർ, തെങ്ങിൻതൈ, ഫലവൃക്ഷതൈകൾ എന്നിവ ഒക്ടോബർ 29 മുതൽ ചാസ് കേന്ദ്രഓഫീസിൽനിന്നും വിതരണം ചെയ്തു.

**'ഔഷധസസ്യവലയവും ഗൃഹവൈദ്യവും'**

**മേഖലാതല സെമിനാർ**

എക്കോ ഗ്രീൻ ഹെർബൽ മിഷൻ സൊസൈറ്റിയുമായി സഹകരിച്ച്



ചാസ് നടപ്പാക്കുന്ന 'ഔഷധസസ്യവലയവും ഗൃഹവൈദ്യവും' മേഖലാതല സെമിനാർ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ക്രമീകരിച്ചു. പ്രഫ. ഡി. സുരേഷ് ബാബു ക്ലാസ് നയിച്ചു.

| *തീയതി* | *മേഖല* | *സ്ഥലം* | *പങ്കെടുത്തവർ* |
|---|---|---|---|
| സെപ്റ്റം. 28 | നെടുംകുന്നം | കൂത്രപ്പള്ളി | 45 |
| ഒക്ടോ. 8 | ചമ്പക്കുളം | ചമ്പക്കുളം | 112 |
| ഒക്ടോ. 12 | കോട്ടയം | അയർക്കുന്നം | 86 |
